**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 943** **10-08-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്ക്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ കോളനികൾക്കാണ് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ അമ്പലക്കുന്ന് കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. നിലവിൽ ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ. പരിശോധിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതിയുടെ മാനദണ്ഡപ്രകാരം കരാർ വയ്ക്കുന്ന മുറയ്ക്ക് ഒരു വർഷത്തിനകം ഏജൻസി പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിയ്ക്കാത്ത കോളനികൾ നിലവിലില്ല. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതൊക്കെ കോളനികളിലാണ് നിലവിൽ പ്രവൃത്തി നടന്നുവരുന്നത് ; പ്രസ്തുത ഫണ്ട് അനുവദിക്കപ്പെട്ട വർഷം, പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി, പ്രവൃത്തിയുടെ നിലവിലെ സ്റ്റാറ്റസ്സ് എന്നിവ വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടും ഇതുവരെ പ്രവൃത്തി ആരംഭിക്കാത്ത ഏതൊക്കെ കോളനികളാണുള്ളത്; പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്റ്റാറ്റസ്സ് എന്താണെന്ന് അറിയിക്കാമോ? | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | കോളനിയുടെ പേര് | ഭരണാനുമതി ലഭിച്ച വർഷം | പൂർത്തീകരിക്കേണ്ട കാലാവധി | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | കരിങ്കാളിമ്മൽ കോളനി | 2016-17 | M O U ഒപ്പുവെച്ച് ആറു മാസത്തിനുള്ളിൽ | കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ടാങ്കിന്റെ ഉറപ്പ് കുറവാണെന്നും ചോർച്ച ഉണ്ടെന്നും കോളനി നിവാസികൾ അഭിപ്രായപ്പെട്ടതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. സ്ഥലം സന്ദർശിക്കുകയും വാട്ടർ പ്രൂഫിങ് പ്രവർത്തി ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷം മാത്രം ഇനിയും പൂർത്തീകരിക്കാനുള്ള ഒരു ഫുട്പാത്ത്, രണ്ട് വീട് പുനരുദ്ധാരണം എന്നിവ ചെയ്താൽ മതിയെന്ന് കോളനി നിവാസികൾ നിർബന്ധം പിടിച്ചതിനാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. ബാക്കി പ്രവർത്തികൾ പൂർത്തീകരിച്ചു |
| 2 | നേരാടിമല | 2019-20 | M O U ഒപ്പുവെച്ച് ആറു മാസത്തിനുള്ളിൽ | ഒരു റോഡ് പ്രവർത്തി, ഒരു വീട് പുനരുദ്ധാരണം എന്നിവ പൂർത്തീകരിക്കാൻ ഉണ്ട് |
| 3 | നെല്ലിക്കുന്ന് കോളനി | 2020-21 | M O U ഒപ്പുവെച്ച് ആറു മാസത്തിനുള്ളിൽ | എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചു |
| 4 | കോട്ടക്കുന്ന് കോളനി | 2021-22 | MOU ഒപ്പുവെച്ച് 10 മാസത്തിനുള്ളിൽ | എസ്റ്റിമേറ്റ് തയ്യാറായി. മോണിറ്ററിംഗ് കമ്മിറ്റി കൂടി എസ്റ്റിമേറ്റ് അംഗീകരിക്കേണ്ടതുണ്ട്. |
| 5 | തീയ്യക്കണ്ടി മീത്തൽ | 2021-22 | MOU ഒപ്പുവെച്ച് 10 മാസത്തിനുള്ളിൽ | എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. (സ്റ്റേറ്റ് നിർമിതി കേന്ദ്ര) |
| 6 | രാമയ്യർ കോളനി | 2022-23 | MOU ഒപ്പുവെച്ച് 10 മാസത്തിനുള്ളിൽ | 13.06.2023 ഡെവ.സി1- 6335/22 നം ഉത്തരവ് പ്രകാരം കോളനിയെ അംഗീകരിച്ചു. നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ചു ഉത്തരവാകേണ്ടതുണ്ട്. |